ഓരോ വിളകളുടെയും ഉല്പാദനത്തിൽ സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാ ഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് മാനദണ്ഡമാക്കിയിരിക്കുന്നത്. ഓരോ സീസണിലും ഏതെല്ലാം വിളകളെയാണ് കാലാവസ്ഥാവ്യതിയാനം ബാധിക്കുന്നത് എന്നത് കണക്കിലെടുത്താണ് പദ്ധതിയുടെ പ്രഖ്യാപിത പ്രദേശങ്ങളേയും വിളകളേയും തീരുമാനിക്കുന്നത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന മഴക്കുറവ്, അതിവൃഷ്ടി, ഉണക്ക്, രോഗകീടാക്രമണ സാധ്യതയുള്ള കാലാവസ്ഥ, ശക്തിയായ കാറ്റ്, ഉയർന്ന ചൂട് മുതലായ പ്രതികൂല സാഹചര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കർഷക ദിനാചരണം

96 (7393) ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കർഷകർക്ക് പുതിയ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും പുതിയ മാർക്കറ്റിംഗ് രീതികൾ പരിചയപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങൾ കർഷക ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനതലത്തിൽ കർഷകദിനം ആഗസ്റ്റ് 16-ന് കോഴിക്കോട് ബീച്ച് മൈതാനത്തിൽ വച്ച് നടത്തുന്നതാണ്. ഇതിനോട് അനുബന്ധിച്ച് വിവിധ സംസ്ഥാനതല കർഷക അവാർഡുകൾ വിതരണം ചെയ്യുന്നതാണ്. 2014 ആഗസ്റ്റ് 17, 18, 19 എന്നീ ദിവസങ്ങളിൽ സെമിനാറുകൾ, എക്സിബിഷനുകൾ, കുട്ടികൾക്കുള്ള വിവിധ മത്സരങ്ങൾ, അകപെറ്റ് ഷോകൾ, വൈകുന്നേരങ്ങളിൽ കലാസന്ധ്യ എന്നിവ നടത്തുന്നതാണ്. ആഗസ്റ്റ 19-ന് സമാപന സമ്മേളനം നടത്തും. പരിപാടി വിജയകരമായി നടത്തുന്നതിനായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) ആഗസ്റ്റ് 16 കർഷകദിനം സംസ്ഥാനതലത്തിൽ ആചരിക്കുന്നതിന് പുറമേ, എല്ലാ കൃഷിഭവനിലും അന്നേ ദിവസം സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ നടത്തുന്നതാണ്. രോഗകീട പ്രതിരോധ മാർഗ്ഗങ്ങൾ, പുത്തൻ സാങ്കേതിക വിദ്യ എന്നിവയും ചർച്ചാവിഷയങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly